**A** **7001**

# സമഗ്രശിക്ഷാ കേരളം

## പാദവാർഷിക മൂല്യനിർണ്ണയം 2023-24

## ആരോഗ്യ -കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് : 7

സമയം : 2 മണിക്കൂർ

സ്കോർ : 45

**പൊതുനിർദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്.അവയി ലെല്ലാം പേര്,വിഷയം,ക്ലാസ്,ഡിവിഷൻ,റോൾ നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം

## ആരോഗ്യ-കായിക വിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.** **(4 x 1 = 4)**

1. ശരീരഘടനയെ അടിസ്ഥാനമാക്കി മനുഷ്യശരീരത്തെ മൂന്നായി തരംതിരിച്ച മനഃശാസ്ത്രജ്ഞൻ ആരാണ്?
   (വില്യം ഗുണ്ടർട്ട്, ഹെർബർട്ട് ഷെൽഡൺ, ഐസക് ന്യൂട്ടൺ, സിഗ്മണ്ട് ഫ്രോയിഡ്)
2. താഴെ കാണുന്ന ചിത്രം ഏത് ശരീരഘടനയെയാണ് സൂചിപ്പിക്കുന്നത്?



   (എൻഡോമോർഫ്, എക്ടോമോർഫ്, മീസോമോർഫ്, എക്ടോ മിസോമോർഫ്)
3. അടിസ്ഥാന കായികക്ഷമതാ ഘടകങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?
   (ചുറുചുറുക്ക്, പേശീശക്തി, ഹൃദയശ്വസനക്ഷമത, അയവ്)
4. ബലം പ്രയോഗിക്കുവാനുള്ള പേശികളുടെ കഴിവിനെ ........... എന്ന് പറയുന്നു.
   (പേശിക്ഷമത, അയവ്, പേശീശക്തി, ഹൃദയശ്വസനക്ഷമത)
5. കായികക്ഷമത കൈവരിക്കാനുള്ള മികച്ച മാർഗമാണ്............... .
   (വ്യായാമം, ചെസ്, ടി.വി കാണൽ, പാട്ടുകേൾക്കൽ)
6. ഇന്ത്യൻ സീനിയർ വനിതാ ക്രിക്കറ്റ് ടീമിൽ കളിച്ച ആദ്യ മലയാളി വനിത കായികതാരം ആരാണ്?
   (മിന്നുമണി, സ്മൃതി മന്ദാന, അഞ്ജു ബോബി ജോർജ്, മിതാലി രാജ്)

**7 മുതൽ 12വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.** **(4 x 2 = 8)**

7. വ്യായാമം എന്നാൽ എന്ത്?
8. ബി.എം.ഐ യുടെ പൂർണ്ണരൂപം എന്താണ്?
9. ഹൃദയശ്വസനക്ഷമത എന്നാൽ എന്ത്?
10. എക്ടോമോർഫിന്റെ ശാരീരിക പ്രത്യേകതകൾ എന്തെല്ലാം?

11. എയ്റോബിക് എക്സർസൈസുകൾ എന്നാൽ എന്ത്?

12. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| എ) | എൻഡോമോർഫ് | - ബലം |
| ബി) | അയവ് | - വ്യായാമം |
| സി) | കായികക്ഷമത | - ശരീരഘടന |
| ഡി) | പേശീശക്തി | - സ്ട്രെച്ചിംഗ് |

**13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** **(1 x 3 = 3)**

13. കുട്ടിക്കാലത്ത് വ്യായാമത്തിൽ ഏർപ്പെട്ടാൽ എന്തെല്ലാം മാറ്റങ്ങൾ ശരീരത്തിൽ ഉണ്ടാകും?

14. കായികക്ഷമതയുടെ ഘടകങ്ങൾ ഏതെല്ലാം?

15. നിങ്ങളുടെ ദിനചര്യയുടെ ഒരു മാതൃക തയ്യാറാക്കുക.

## കലാവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** **(4 x 1 = 4)**

1. പ്രസിദ്ധ രേഖാചിത്രകാരന്റെ ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. ബ്രാക്കറ്റിൽ നിന്നും ചിത്രകാരന്റെ പേര് കണ്ടെത്തി എഴുതുക.



(എം.വി.ദേവൻ, മദനൻ, ആർട്ടിസ്റ്റ് നമ്പൂതിരി, എ.എസ്. നായർ)

2. മൂന്ന് എണ്ണിവരുന്ന നടയെ തിശ്രനട എന്നു പറയുന്നു എങ്കിൽ നാല് എണ്ണിവരുന്ന നടയെ ...................... എന്നു വിളിക്കുന്നു.
(ഖണ്ഡനട, മിശ്രനട, ചതുരശ്രനട, സങ്കീർണ്ണനട)

3. കേരളീയകലകൾ സംരക്ഷിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി വള്ളത്തോൾ നാരായണ മേനോൻ സ്ഥാപിച്ച കലാകേന്ദ്രത്തിലെ കൂത്തമ്പലത്തിന്റെ ചിത്രമാണ് താഴെ കൊടുത്തിരിക്കുന്നത്. ഈ കലാസ്ഥാപനത്തിന്റെ പേര് എഴുതുക.



(കലാക്ഷേത്രം, കേരള കലാമണ്ഡലം, മദ്രാസ് സ്കൂൾ ഓഫ് ആർട്ട്സ്, വിശ്വഭാരതി)

4. ഒരു കഥാപാത്രത്തെ ആവിഷ്കരിക്കാൻ നടന് ഏറ്റവും ആവശ്യമായത് എന്ത്?
(നിരീക്ഷണപാടവം, ആശയധാരണ, രൂപരചന, വർണ്ണബോധം)

5. ആലാപനത്തിന്റെ കൃത്യതയോടെയുള്ള സമയക്രമീകരണമാണ് ..................................
(ശ്രുതി, താളം, രാഗം, ഭാവം)

6. ഇന്ത്യൻ ചിത്രകാരനായ കെ.കെ ഹെബ്ബാർ ചിത്രകലാപഠനം നടത്തിയ കലാസ്ഥാപനം ഏത്?
(വിശ്വഭാരതി സർവ്വകലാശാല, മദ്രാസ് സ്കൂൾ ഓഫ് ആർട്ട്സ്, എം.എസ് യൂണിവേഴ്സിറ്റി, ജെ.ജെ സ്കൂൾ ഓഫ് ആർട്സ്)

7,8 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക (1 x 2 = 2)

7. പെയിന്റിംഗ് ചെയ്യാൻ ഉപയോഗിക്കുന്ന രണ്ട് മാധ്യമങ്ങളുടെ പേരെഴുതുക?

8. 1,2 – തക

1, 2, 3 – തക്കിട്ട

1,2,3,4 – തകധിമി

ഈ രീതിയിൽ താഴെ തന്നിരിക്കുന്ന പാറ്റേൺ പൂർത്തിയാക്കൂ.


1,2; 1,2,3 – ..........................

1,2,3; 1,2,3,4 – ..........................

9 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (2x3=6)

9. ജോലിക്ക് പോയി വരാൻ വൈകിയ അമ്മയെ കാത്തിരിക്കുന്ന കുട്ടിയെ നിങ്ങളുടെ ഭാവനയിൽ വരയ്ക്കുക?

10. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിലെ നൃത്തരൂപങ്ങൾ കണ്ടെത്തി ശാസ്ത്രീയനൃത്തരൂപങ്ങൾ, നാടൻനൃത്തരൂപങ്ങൾ എന്നിങ്ങനെ തരംതിരിക്കുക.




മാർഗ്ഗംകളി




കേരളനടനം



ഒപ്പന



മോഹിനിയാട്ടം




കഥകളി




തിരുവാതിരക്കളി

11. താഴെകൊടുത്തിരിക്കുന്ന സംഗീത ഉപകരണങ്ങളുടെ പേര് എഴുതുക.


A



B



C



12. സംഭാഷണം ക്രമപ്പെടുത്തുക

എലി : ഈ ചെറിയവനും അങ്ങയെ സഹായിക്കാനാകും.

സിംഹം (പരിഹാസത്തോടെ) : ഹ... ഹ.... ഹ ഇത്രയും ചെറിയ നീ എന്നെ എങ്ങിനെ സഹായിക്കാനാ.....

എലി (കരഞ്ഞുകൊണ്ട്) : എന്നെ രക്ഷിക്കണം. ഇപ്പോൾ എന്നെ വെറുതെ വിട്ടാൽ ഞാനങ്ങയെ സഹായിക്കാം.

സിംഹം (ദേഷ്യത്തോടെ) : അഹങ്കാരീ .......

എലി (കരഞ്ഞുകൊണ്ട്) : മരത്തിൽ നിന്നും പഴം പറിക്കാനായ് ചാടിയപ്പം കൈവിട്ടു വീണു പോയതാന്നേ ....

സിംഹം (ദേഷ്യത്തോടെ) : കാട്ടിലെ രാജാവായ എന്റെ മേൽ ചാടിവീഴാൻ നിനക്കെങ്ങനെ ധൈര്യം വന്നു? ഞാൻ നിന്നെ തിന്നാൻ പോവുകയാണ്.

(പിന്നീട് സിംഹം വേട്ടക്കാരന്റെ വലയിൽ കുടുങ്ങിയപ്പോൾ എലി വലമുറിച്ച് സിംഹത്തെ രക്ഷപ്പെടുത്തി)

എലി (പേടിച്ച് വിറച്ച്) : രക്ഷിക്കണം

സിംഹം (പുച്ഛത്തോടെ) : പോയ്ക്കോ, എന്റെ മുന്നിൽ നിന്ന് (എലി രക്ഷപ്പെട്ട് ഓടുന്നു)

**13, 14 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഉത്തരമെഴുതുക.** **(1 x 3 = 3)**

13. താഴെകൊടുത്തിരിക്കുന്ന സൂചനകൾക്കനുസരിച്ച് ചിത്രംവരയ്ക്കുക.

| | |
|---|---|
| കുട്ടി വിത്ത് നടുന്നു വളർന്നു വരുന്നു  | ശാഖകൾ വളർന്ന് മരം വലുതാകുന്നു. |
| വലിയ വൃക്ഷമായ് മാറുന്നു | മരത്തിൽ വിവിധ ജീവജാലങ്ങൾ എത്തിച്ചേരുന്നു. |

14. കുട്ടിയുടെ കൈയിൽ നിന്ന് നൂൽപൊട്ടിയ പട്ടം പറന്ന് പറന്ന് പരുന്തിനടുത്തെത്തുന്നു. പട്ടവും പരുന്തും കുട്ടിയും തമ്മിലുള്ള സംഭാഷണം നാടകരൂപത്തിൽ എഴുതുക.

## പ്രവൃത്തിപഠനം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.** **(4 x 1 = 4)**

1. പൈനാപ്പിൾ സ്ക്വാഷ് ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ഉപയോഗിക്കാവുന്ന ഉചിതമായപാത്രം ഏത്?
   (പ്ലാസ്റ്റിക് പാത്രം, സ്റ്റീൽപാത്രം, ചില്ലുപാത്രം, ഇരുമ്പ്പാത്രം)
2. സസ്യപ്രജനന മാർഗമായ ഗ്രാഫ്റ്റിംഗിൽ അത്യുൽപ്പാദന ശേഷിയുള്ള ചെടിയുടെ ശിഖരത്തെ പറയുന്ന പേരെന്ത്?
   (സയൺ, മൂലകാണ്ഡം, മുകുളകാണ്ഡം, സ്റ്റോക്ക്)
3. ബുള്ള്യൻ നോട്ട്, ഫ്രഞ്ച് നോട്ട് എന്നീ അലങ്കാര തയ്യലുകൾ പൂക്കളുടെ ഏത് ഭാഗം തയ്ക്കുന്നതിന് ഉപയോഗിക്കുന്നു?
   (ഇതളുകൾ, പൂമ്പൊടി, ഇല, കായ്കൾ)
4. പൈപ്പ് കമ്പോസ്റ്റ് പിറ്റിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ എത്രദിവസത്തിനു ശേഷം സംസ്ക്കരിക്കപ്പെടും?
   (5 ദിവസം, 10 ദിവസം, 25 ദിവസം, 15 ദിവസം)

5. ബയോഗ്യാസ് പ്ലാന്റിൽ നിന്നും ലഭിക്കുന്ന വളത്തിന് പറയുന്ന പേരെന്ത്?
(സ്ളറി, കമ്പോസ്റ്റ്, കൊക്കോപിറ്റ്, പോർട്ടിംഗ് മിശ്രിതം)

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരം എഴുതുക.** **(4 x 2 = 8)**

6. പഴവർഗ്ഗങ്ങൾ സംസ്കരിച്ച് സൂക്ഷിക്കുന്ന 4 മാർഗങ്ങൾ എഴുതുക.

7. 'വാഴക്കൃഷിയോടൊപ്പം ചീരക്കൃഷി'
'നെൽക്കൃഷിയോടൊപ്പം കന്നുകാലി വളർത്തൽ'
മുകളിൽ കൊടുത്തിരിക്കുന്ന രണ്ട് കൃഷി രീതികളുടെ പേരെഴുതുക.

8. ചേരുംപടിചേർക്കുക

| | |
|---|---|
| എ) പനിക്കൂർക്ക – | ചിക്കൻപോക്സ് |
| ബി) കറ്റാർവാഴ – | പനി |
| സി) ആര്യവേപ്പ് – | പ്രമേഹം |
| ഡി) പേരയില – | കേശസംരക്ഷണം |

9. ഗ്രാമങ്ങളിലും നഗരങ്ങളിലും ഈച്ച, കൊതുക് തുടങ്ങിയവയുടെ എണ്ണം ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ രണ്ടു കാരണങ്ങൾ എഴുതുക.

10. വെള്ളപ്പൊക്കം മൂലം ഉണ്ടാകാൻ സാധ്യതയുള്ള ഏതെങ്കിലും നാല് പകർച്ച വ്യാധികളുടെ പേരെഴുതുക.

**11,12 ചോദ്യങ്ങളിൽ ഒന്നിന് ഉത്തരം എഴുതുക.** **(1 x 3 = 3)**

| |
|---|
| കാർഷിക ഗവേഷണകേന്ദ്രം അംഗീകരിച്ചിട്ടുള്ള ഒരു കീടനാശിനിയാണ് പുകയില കഷായം |
| ഇതാ കുറെ മനുഷ്യർ, കൈകാലുകൾ ശോഷിച്ചും, വയറുന്തിയും കണ്ണുകൾ തള്ളിയും, ദേഹം നിറയെ ചൊറി വന്നും ജീവിതത്തോട് മല്ലിടുന്നവർ. വയസ് ഏറെ ആയിട്ടും ശരീരവളർച്ച ഇല്ലാത്തവർ, ഈ ഹതഭാഗ്യർ ജീവിക്കുന്നത് ഹിരോഷിമയിലോ, നാഗസാക്കിയിലോ അല്ല. നമ്മുടെ ഈ കൊച്ചു കേരളത്തിലാണ്. |

ഈ രണ്ട് പ്രസ്താവനകളും വായിച്ച് താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

12. എ) സ്കൂളിലെ ജൈവവൈവിധ്യ ഉദ്യാനത്തിൽ മൂന്നിനം പൂക്കളുണ്ടാവുന്ന ഒരു ചെമ്പരത്തിച്ചെടി വേണം. അതിനു നിങ്ങൾ ഏത് മാർഗം സ്വീകരിക്കും?
ബി) ഒരു കുട്ടി ചെയ്ത പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ഇതിന്റെ ഘട്ടങ്ങൾ ശരിയായി ക്രമപ്പെടുത്തി എഴുതുക.

T ആകൃതിയിലുള്ള മുറിവിലെ തൊലിയിൽ മുകുളം തിരുകി വയ്ക്കുക.

↓

മുകുളം പുറത്തു കാണുന്ന രീതിയിൽ പൊതിഞ്ഞു കെട്ടുക.

↓

മുകുളം ഒട്ടിക്കുന്ന ചെടിയിൽ T ആകൃതിയിൽ മുറിവുണ്ടാക്കി തൊലി വിടർത്തി വയ്ക്കുക.

↓

വ്യത്യസ്ത ഇനം ചെടികളിൽ നിന്നും മുകുളം ചെത്തി എടുക്കുക.